(ബി) ഇപ്രകാരം മാറ്റം വരുത്തിയാൽ 3.3 കിലോമീറ്റർ ദൈർഘ്യം കുറയ്ക്കുവാൻ കഴിയുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ&ബി) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ നടുവിൽ പഞ്ചായത്തിൽ കൂടി കടന്നു പോകുന്ന ഹിൽ ഹൈവേയുടെ ഗതി മാറ്റണമെന്ന കാര്യം കൂടുതൽ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്.

നാറ്റ്പാക്കിന്റെ സഹകരണത്തോടുകൂടി ഗതാഗത സൗകര്യങ്ങൾ

58 (1304) ശ്രീ. എം. ദാസൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാറ്റ്പാക്കിന്റെ സഹകരണത്തോടു കൂടി കോഴിക്കോട് നഗരത്തിലെ റോഡുകൾ വികസിപ്പിക്കുന്നതിനും ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി പൊതുമരാമത്ത് വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം പദ്ധതികൾ എവിടെയെല്ലാമാണ് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നാറ്റ്പാക്കിന്റെ സഹകരണത്തോടുകൂടി കോഴിക്കോട് നഗരത്തിലെ താഴെ പറയുന്ന റോഡ് ജംഗ്ഷനുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള ഡിസൈൻ സമർപ്പിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്.

1. കോഴിക്കോട് മാവൂർ റോഡ് (ഇന്ദിരാഗാന്ധി റോഡ്) :- മാവൂർ റോഡ് ജംഗ്ഷൻ, രാജാജി ജംഗ്ഷൻ, ഒറ്റമ്മൽ ജംഗ്ഷൻ, ചേവായൂർ ജംഗ്ഷൻ, മെഡിക്കൽ കോളേജ് ജംഗ്ഷൻ.
2. മിനി ബൈപ്പാസ് റോഡ് :- മീഞ്ചന്ത റോഡ് ജംഗ്ഷൻ, മാൻകാവ് ജംഗ്ഷൻ, അരിയിടത്തു പാലം, എരത്തിപ്പാലം ജംഗ്ഷൻ, കാരപ്പറമ്പ് ജംഗ്ഷൻ, ഗസ്റ്റ്ഹൗസ് ജംഗ്ഷൻ.

ആനക്കല്ല്-പാലയ്ക്കൽ പെരിങ്ങോട്ടുകര റോഡ് നിർമ്മാണം

59 (1305) ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർപ്പ് നിയോജകമണ്ഡലത്തിലെ ആനക്കല്ല്-പാലയ്ക്കൽ-പെരിങ്ങോട്ടുകര റോഡിന്റെ പുനരുദ്ധാരണത്തിനായി നടപടി എടുത്തിട്ടുണ്ടോ ;

(ബി) പ്രസ്തുത റോഡിന്റെ പുനരുദ്ധാരണത്തിനായി ഈ വർഷത്തെ ബഡ്ജറ്റിൽ എത്ര സംഖ്യ നീക്കിവച്ചിട്ടുണ്ട് ;

(സി) പ്രസ്തുത റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഭരണാനുമതി നൽകാത്തതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആനക്കല്ല്-അമ്മാടം-പെരിങ്ങോട്ടുകര റോഡ് പണിക്ക് 25-2-2000-ലെ ജി.ഒ.(ആർറ്റി) 182/2000/പൊമവ പ്രകാരം 100 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഈ വർഷത്തെ ബഡ്ജറ്റിൽ ഈ റോഡ് പണിക്ക് 6 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്.

(സി) ഭരണാനുമതി നൽകിയിട്ടുണ്ട്.

പന്നഗം തോടിന് കുറുകെയുള്ള പാലം പണി

60 (1308) ശ്രീ. ഉമ്മൻ ചാണ്ടി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ഞാമാറ്റം-കൊഴുവനാൽ റോഡിന്റെ പണി പൂർത്തിയായി എങ്കിലും ഈ റോഡിലെ പന്നഗം തോടിന് കുറുകെയുള്ള പാലം പണിയാത്തതുകൊണ്ട് പൊതുജനങ്ങൾക്കുള്ള ബുദ്ധിമുട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) ഈ പാലം പണിക്ക് 1999-2000 വർഷത്തെ ബഡ്ജറ്റിൽ എത്ര രൂപ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പാലം പണിക്കുള്ള ടെണ്ടർ എത്ര വേഗം വിളിക്കുവാനും പണി ആരംഭിക്കുവാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പണിക്ക് അഞ്ച് ലക്ഷം രൂപയുടെ അഡീഷണൽ ആതറൈസേഷൻ നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത പണിയുടെ എസ്റ്റിമേറ്റ് പരിശോധിച്ചു വരികയാണ്. ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുന്ന മുറയ്ക്ക് പണി ഏറ്റെടുക്കുന്നതാണ്.

സിംഗിൾ മേജർ ഹൈവേ ഡവലപ്പ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി ഗോൾഡൻ കാഡ്രിലാറ്ററൽ

61 (1309) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിംഗിൾ മേജർഹൈവേ ഡവലപ്പ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി ഗോൾഡൻ കാഡ്രിലാറ്ററൽ കേരളത്തിൽ എവിടെ നിന്ന് ആരംഭിച്ച് എവിടെ അവസാനിക്കുന്ന റോഡിനാണ് നിർദ്ദേശം നൽകിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ റോഡ് എത്ര കിലോമീറ്റർ ദൈർഘ്യം വരുമെന്നും ഏതെല്ലാം ജില്ലകളിലൂടെ കടന്നുപോകുമെന്നും വെളിപ്പെടുത്താമോ ;

(സി) ഇത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽ നിന്നും അനുകൂലമായ മറുപടി ലഭിച്ചുവോ ;

(ഡി) എങ്കിൽ എന്ന് ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly